ഉത്തരം

(എ) ആന്റ് (ബി) പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

(സി) ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കുന്നതാണ്.

ആലുവ-പറവൂർ റോഡ് സംസ്ഥാന ഹൈവേ ആക്കാൻ നിർദ്ദേശം

152 [1391] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ-പറവൂർ റോഡ് സംസ്ഥാന ഹൈവേ ആക്കാൻ നിർദ്ദേശം ഉണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൽക്കാലം നിർദ്ദേശമൊന്നും പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

ബൈപ്പാസ് റോഡ് നിർമ്മാണം

153 [1393] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രേമാമ്പ ടൗണിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ബൈപ്പാസ് റോഡ് നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly